കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ ചിട്ടികൾ

172 (6623) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ ചിട്ടിയിൽ നിലവിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെയാണ് ഈ ചിട്ടിയിൽ ചേരാൻ അനുവദിക്കുന്നത് ; ഇതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണ് വിശദാംശം വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് ഈ ചിട്ടി വഴി ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ ചിട്ടിയിൽ നിലവിൽ 180 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി&സി) 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000, 3000, 5000 രൂപ നിരക്കിൽ 30, 40, 60, 70, 80, 90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നുകൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തെ പഠനം വളരെ ചെലവേറിവരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനുവേണ്ടി കെ.എസ്. എഫ്.ഇ. വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് "പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി" കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ഒരു ലക്ഷ്യം കൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള ഒരു "സേവിംഗ് പോട്ടിൽ നിക്ഷേപിക്കുകയും" ആയത് അതാത് സ്കൂൾ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ചിട്ടിത്തുക വിളിച്ചെടുത്ത് ചിട്ടിയുടെ കാലാവധി തീരുന്നതുവരെ അതായത് കുട്ടിയുടെ +2 വിദ്യാഭ്യാസം കഴിയുന്നതുവരെ കെ.എസ്.എഫ്.ഇ.യുടെ CSDF എന്ന സ്ഥിര നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്നതും, പ്രസ്തുതനിക്ഷേപത്തിന് സാധാരണ സ്ഥിരനിക്ഷേപത്തിൽനിന്നും അധികമായി പലിശ നൽകുന്നതുമായിരിക്കും. ചിട്ടിത്തുക നിക്ഷേപിക്കുന്നതിനാൽ മറ്റു ജാമ്യങ്ങൾ ആവശ്യവുമില്ല. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമ പ്രകാരം തന്നെയാണ് നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly